"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സെക്രട്ടേറിയറ്റിലെ വനിതാ ജീവനക്കാർക്കായി കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1392/2023/GAD തീയതി,തിരുവനന്തപുരം, 23-03-2023

---

പരാമർശം:- 1. സെക്രട്ടറി, സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ, കേരളയുടെ 08/03/2023 ലെ 25/SSAK/2023 നമ്പർ കത്ത്.

**ഉത്തരവ്**

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് മാർച്ച് 10 മുതൽ 25 വരെ പ്രഫഷണൽ, വിനോദ കായിക മത്സരങ്ങൾ ഉൾപ്പടെ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കായി രാജ്യത്തുടനീളം കായിക മത്സരങ്ങൾ സംഘടിപ്പിക്കുവാൻ ദേശീയ കായികയുവജനകാര്യ മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്. മാർച്ച് 10 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ പ്രായഭേദമന്യേ സ്ത്രീകളെ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ കായിക പരിപാടികൾ സംഘടിപ്പിക്കണമെന്ന് കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിലെ വനിതാ ജീവനക്കാർക്കായുള്ള കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് സെക്രട്ടറി, സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ, കേരള പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് അസോസിയേഷൻ കേരള, സെക്രട്ടറി സമർപ്പിച്ച അപേക്ഷ പ്രകാരം സെക്രട്ടേറിയറ്റിലെ വനിതാ ജീവനക്കാർക്കായുള്ള കായിക മത്സരങ്ങൾ സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഓഫീസ് ജോലികൾക്ക് തടസ്സം സൃഷ്ടിക്കാത്ത രീതിയിൽ 2023 മാർച്ച് 24 ന് സംഘടിപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJKUMAR.P.C**

**ഡെപ്യൂട്ടിസെക്രട്ടറി**

1. സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പടെ എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
2. സെക്രട്ടറി, സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ, കേരള.
3. ഡയറക്ടർ, കായികയുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
4. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഫയൽ നം. എസ്ഡി1/58/2023/പൊഭവ)

ഉത്തരവിൻ പ്രകാരം

Signed by

Many G.

Date: 23-03-2023 14:15:27

സെക്ഷൻ ഓഫീസർ